**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-കേരള മുനിസിപ്പൽ കോമൺ സർവ്വീസ്-ചേർത്തല നഗരസഭയിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധന- സൂപ്രണ്ടായിരുന്ന ശ്രീ.എൻ.സുധാകരൻ,സീനിയർ ക്ലാർക്ക് ശ്രീ.വി.വി.അനിൽകുമാർ എന്നിവർക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 3257/ 2018/ തസ്വഭവ. തീയതി, തിരുവനന്തപുരം, 28.12.2018

---

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 12.04.2016 തീയതിയിലെ ഇ 4(എസ്.സി 7/16/എ എൽ പി) 6598/ 2016 നം. കത്ത്

2. സർക്കാരിന്റെ 06.06.2017 തീയതിയിലെ ഇയു2-153/16-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3. നഗരകാര്യ ഡയറക്ടറുടെ 28.07.2018 തീയതിയിലെ വി1-15433/17 നമ്പർ കത്ത്.

## ഉത്തരവ്

ചേർത്തല നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 16/1/16-ൽ നടത്തിയ മിന്നൽ പരിശോധനയിൽ സൂപ്രണ്ടായിരുന്ന സൂപ്രണ്ട് ശ്രീ. സുധാകരൻ, റവന്യൂ വിഭാഗത്തിൽ ജീവനക്കാരുടെ അറ്റൻഡൻസ് രജിസ്റ്ററുകൾ, കാഷ്വൽ ലീവ് രജിസ്റ്ററുകൾ, അവധിക്കായുള്ള അപേക്ഷകൾ എന്നിവ കൃത്യമായി മെയിന്റയിൻ ചെയ്ത് സൂക്ഷിക്കുന്നില്ലായെന്നും, അവധി അപേക്ഷകൾ ഗ്രാന്റ് ചെയ്തിട്ടുള്ളതായി കാണുന്നില്ലെന്നും സീനിയർ ക്ളാർക്ക് ശ്രീ.വി.വി.അനിൽകുമാർ ജനറൽ വിഭാഗത്തിൽ ജീവനക്കാരുടെ അറ്റൻഡൻസ് രജിസ്റ്ററുകൾ, കാഷ്വൽ ലീവ് രജിസ്റ്ററുകൾ, അവധിക്കായുള്ള അപേക്ഷകൾ എന്നിവ കൃത്യമായി മെയിന്റയിൻ ചെയ്ത് സൂക്ഷിക്കുന്നതായി കാണുന്നില്ലെന്നും അവധി അപേക്ഷകൾ അനുവദിച്ചിട്ടില്ലാത്തതായും കണ്ടെത്തിയതിനെത്തുടർന്ന് പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ. എൻ.സുധാകരൻ, ശ്രീ.വി.വി.അനിൽകുമാർ എന്നിവർ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതായ ആരോപണത്തിന് പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. ആയതിന് സമർപ്പിച്ച പ്രതിവാദ പത്രികയിൽ കൊല്ലം റീജിയണൽ ജോയിന്റ് ഡയറക്ടർ മുഖേന നടത്തിയ പരിശോധന പ്രകാരം നഗരകാര്യ ഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

2. റവന്യൂ വിഭാഗം സൂപ്രണ്ടായിരുന്ന ശ്രീ.എൻ. സുധാകരൻ സമർപ്പിച്ച മറുപടിയിൽ മറ്റ് സെക്ഷനിലെ ജീവനക്കാരുടെ അവധി അപേക്ഷകൾ യഥാസമയം ലഭിക്കാതിരുന്നതിനാലാണ് വിജിലൻസ് പരിശോധനാ ദിവസം രജിസ്റ്ററുകളിൽ

ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്താൻ കഴിയാതിരുന്നതെന്നും തന്റെ ഭാഗത്തുനിന്നും ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ മനപൂർവ്വമായ വീഴ്ചകൾ വന്നിട്ടില്ലായെന്നും അറിയിച്ചിരുന്നു .

3. ജനറൽവിഭാഗം സീനിയർ ക്ളാർക്കായിരുന്ന ശ്രീ.വി.വി.അനിൽകുമാർ സമർപ്പിച്ച മറുപടിയിൽ തനിക്ക് ഹാജർബുക്ക് മെയിന്റയിൻ ചെയ്യുന്നതിനോ ജീവനക്കാർക്ക് ലീവ് അനുവദിക്കുന്നതിനോ ഉള്ള ചുമതലകൾ വാക്കാലോ രേഖാമൂലമോ നൽകിയിരുന്നില്ല എന്നും അറിയിച്ചിരുന്നു.

4. റവന്യൂ വിഭാഗം സൂപ്രണ്ടായിരുന്ന ശ്രീ. എൻ. സുധാകരൻ ഹാജർ ബുക്കിൽ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തുകയും കാഷ്വൽ ലീവ് അപേക്ഷകളിൽ യഥാസമയം നടപടി സ്വീകരിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തി വന്നിരുന്നതായും മറ്റ് സെക്ഷനിലെ ജീവനക്കാരുടെ അവധി അപേക്ഷകൾ യഥാസമയം ലഭിക്കാതിരുന്നതിനാലാണ് വിജിലൻസ് പരിശോധനാ ദിവസം രജിസ്റ്ററുകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്താൻ കഴിയാതിരുന്നതെന്നും പരിശോധനയ്ക്ക് ശേഷം രജിസ്റ്ററുകൾ കൃത്യമായി ക്രമവൽക്കരിക്കുന്നുണ്ടെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുള്ളതായി റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു .

5. നഗരസഭാ ജീവനക്കാർക്ക് ലീവ് അനുവദിക്കുന്നതും ഹാജർബുക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നതും നഗരസഭാ സെക്രട്ടറിയോ സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ ആണെന്നിരിക്കെ ശ്രീ. വി.വി. അനിൽകുമാറിന് അത്തരത്തിൽ യാതൊരു ചുമതലയും നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ ടിയാൻ നിരപരാധിയാണെന്നും കുറ്റവിമുക്തനാക്കി തുടർനടപടികളിൽ നിന്നും ഒഴിവാക്കണമെന്നുമുള്ള ടിയാന്റെ അപേക്ഷ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ മനഃപൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ലെന്നും വിജിലൻസ് പരിശോധനയ്ക്ക് ശേഷം രജിസ്റ്ററുകൾ ക്രമവൽക്കരിച്ചിട്ടുണ്ടെന്നുമുള്ള ശ്രീ. എൻ.സുധാകരന്റെ വിശദീകരണം, ചേർത്തല നഗരസഭ സെക്രട്ടറി ലഭ്യമാക്കിയ റിപ്പോർട്ട്, എന്നിവയുടെ അടിസ്ഥാനത്തിൽ ടിയാളുകൾക്കെതിരെയുള്ള തുടർനടപടികൾ ഒഴിവാക്കാവുന്നതാണെന്ന് കൊല്ലം റീജിയണൽ ജോയിന്റ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

6.സീനിയർ ക്ളാർക്ക് ശ്രീ.വി.വി.അനിൽകുമാറിന് ജീവനക്കാരുടെ അറ്റൻഡൻസ് രജിസ്റ്ററിൽ ലീവ് രേഖപ്പെടുത്തുന്നതിനുള്ള ചുമതല ഇല്ലാതിരുന്നതാണെന്നുള്ള വസ്തുതയും സൂപ്രണ്ട് ശ്രീ. സുധാകരൻ വിജിലൻസിന്റെ പരിശോധനാ ദിവസത്തിന് മുൻപ് വരെയുള്ള ദിവസങ്ങളിൽ ജീവനക്കാരുടെ അറ്റൻഡൻസ് രജിസ്റ്ററുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തിയിരുന്നതായും പരിശോധന ദിവസം മറ്റ് സെക്ഷനുകളിലെ ജീവനക്കാരുടെ ലീവ് അപേക്ഷകൾ യഥാസമയം ലഭിക്കാതിരുന്നതിനാലാണ് രേഖപ്പെടുത്താൻ സാധിക്കാതിരുന്നതെന്നുള്ള വസ്തുതയും പരിഗണിച്ച് ടിയാളുകളെ അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

7. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ടിന്റേയും കുറ്റാരോപണ മെമ്മോയിന്മേലുള്ള ജീവനക്കാരുടെ മറുപടിയുടേയും നഗരകാര്യഡയറക്ടറുടെ

റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ലീവ് രജിസ്റ്റർ, അവധി അപേക്ഷകൾ എന്നിവ ശരിയായി കൈകാര്യം ചെയ്യുന്നില്ല , അവധി യഥാസമയം അനുവദിക്കുന്നില്ല, കീഴ്ജീവനക്കാരുടെ അറ്റന്റൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല എന്നി ക്രമക്കേടുകളാണ് വിജിലൻസ് കണ്ടെത്തിയിരുന്നതും അതിന്റെ അടിസ്ഥാനത്തിൽ ചേർത്തല നഗരസഭയിലെ റവന്യൂ സെക്ഷൻ സൂപ്രണ്ട് ശ്രീ.സുധാകരൻ, സീനിയർക്ളർക് ശ്രീ അനിൽകുമാർ എന്നിവർക്ക് മെമ്മോ നൽകിയിരുന്നതും. തന്റെ കീഴിലുള്ള ജീവനക്കാരുടെ അവധിയും മറ്റുമുള്ള കാര്യങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനോ അത് സംബന്ധമായ കാര്യങ്ങൾ നോക്കുന്നതിനുള്ള ചുമതല ശ്രീ അനിൽകുമാറിനില്ലായെന്ന് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നതു വസ്തുതാപരമാണ്. മറ്റു ജീവനക്കാർ അവധി അപേക്ഷകൾ യഥാസമയം നല്കാത്തതിനാലാണ് അത് അറ്റന്റൻസ് രജിസ്റ്ററിൽ രേഖപ്പെടുത്താൻ കഴിയാത്തതെന്ന് സൂപ്രണ്ട് ശ്രീ സുധാകരൻ എതിർവാദപത്രികയിൽ പറയുന്നുണ്ട് . വിജിലൻസിന്റെ പരിശോധനക്ക് ശേഷം കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് അറിയിച്ചിട്ടുമുണ്ട്. എന്നാൽ കീഴ്ജീവനക്കാർ അവധി അപേക്ഷ നല്കാത്തതിനാൽ രജിസ്റ്ററിൽ രേഖപ്പെടുത്തൽ നടത്തിയിരുന്നില്ല എന്ന വാദം അംഗീകരിക്കാൻ സാധിക്കുന്നതല്ല . ആയതിനാൽ ടിയാന്റെ ഭാഗത്ത് വീഴ്ച വന്നിട്ടുള്ളതായി കാണുന്നു. വിജിലൻസ് വകുപ്പിന്റെ അഭിപ്രായം ലഭ്യമായത് പ്രകാരം ടി വകുപ്പ് മേൽ താൽക്കാലിക തീരുമാനം അംഗീകരിക്കുന്നു .

8. മേൽ സാഹചര്യത്തിൽ ചേർത്തല നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ സൂപ്രണ്ടായിരുന്ന ശ്രീ. എൻ സുധാകരൻ, സീനിയർ ക്ലാർക്ക് ശ്രീ.വി.വി . അനിൽകുമാർ എന്നിവർക്കെതിരായി ആരംഭിച്ച അച്ചടക്ക നടപടി സീനിയർ ക്ലാർക്കായ ശ്രീ.വി.വി.അനിൽകുമാറിനെതിരായി തുടർനടപടികൾ ഒഴിവാക്കിയും സൂപ്രണ്ടായിരുന്ന ശ്രീ.എൻ.സുധാകരന്റെ ഭാഗത്തുനിന്നും ഉണ്ടായ വീഴ്ച ഭാവിയിൽ ഉണ്ടാകരുതെന്ന കർശന നിർദ്ദേശത്തോടെ ലഘുശിക്ഷയായ സെൻഷ്വർ (ശാസന) നൽകിയും തീർപ്പാക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ്.മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. എൻ സുധാകരൻ, സൂപ്രണ്ട്,ചേർത്തല നഗരസഭ
ശ്രീ.വി.വി . അനിൽകുമാർ സീനിയർ ക്ളാർക്ക്, ചേർത്തല നഗരസഭ
വിജിലൻസ് വകുപ്പ് (21.11.2018 ലെ VIG D1/ 1046/ 2018- VIG നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ